# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.309 — 28.10.2019 - ൽ മറുപടിക്ക്

**ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ. വിജയൻ പിള്ള** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) | ആരോഗ്യവകുപ്പിലെ ഹെൽത്ത് സൂപ്പർവൈസർ തസ്തികയുടെ പ്രമോഷൻ തസ്തികയായ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകൾ ദീർഘനാളായി ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I , ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകളുടെ വിശേഷാൽ ചട്ടം സ.ഉ. (അച്ച്) നം.75/17/ആ.കു.വ., തീയ്യതി 12-12-2017 എന്ന ഉത്തരവിലൂടെയാണ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. ടി ചട്ടം അനുസരിച്ച് ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I , ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകൾക്ക് പാരാ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ അനിവാര്യമാണ്. എന്നാൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ 20 വർഷത്തിൽ കൂടുതൽ സേവനമനുഷ്ഠിച്ച ജീവനക്കാർക്ക് ആർക്കും തന്നെ ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ല. ആയതിനാൽ ടി വിഭാഗത്തിലേക്കുള്ള സ്ഥാനക്കയറ്റങ്ങൾ നടത്തുവാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ നിലവിലെ ജീവനക്കാരെ പാരാ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കി വിശേഷാൽ ചട്ടം ഭേദഗതി വരുത്തുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. കൂടാതെ ടി വിശേഷാൽ ചട്ടത്തിൽ ഭേദഗതി വരുന്നതു വരെ ഈ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റങ്ങൾ താൽക്കാലികമായി നടത്തുന്ന കാര്യവും പരിശോധിച്ച് വരുന്നുണ്ട്. |
| (ബി) | ഹെൽത്ത് സൂപ്പർവൈസർമാരെ ടെക്നിക്കൽ അസിസ്റ്റന്റായി പ്രമോട്ട് ചെയ്യുന്ന നടപടി വേഗത്തിലാക്കുമോയെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ